പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5597 02.07.2014-ൽ മറുപടിക്ക്

## പൊന്നാനി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരില്ലാത്ത അവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) തീരദേശ മേഖലയിലെ ഒന്നര ലക്ഷത്തോളം ജനങ്ങളുടെ ഏക ആശ്രയമായ പൊന്നാനി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡോക്ടർമാരില്ലാത്തതുമൂലം രോഗികൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പൊന്നാനി താലൂക്ക് ആശുപത്രിയിൽ 19 ഡോക്ടർമാരുടെ തസ്തികകളാണുള്ളത്. ഇതിൽ 5 സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തികകൾ [കൺസൾട്ടന്റ് (ജനറൽ മെഡിസിൻ), ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്), ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി), ജൂനിയർ കൺസൾട്ടന്റ് (D&V), ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)] ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഒരു ഡോക്ടർ ഒ.പി-യിൽ 350 - 400 രോഗികളെ പരിശോധിക്കേണ്ട അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന ഈ സമയത്ത് ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) സ്പെഷ്യാലിറ്റി കേഡറിലെ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) പ്രസ്തുത ആശുപത്രിയിൽ കാലാകാലങ്ങളായി ഫിസിഷ്യന്റെ സേവനം ലഭ്യമല്ലാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഡി) ഫിസിഷ്യന്റെ തസ്തിക ഒഴിവാണെങ്കിലും മലപ്പുറം താലൂക്ക് ആശുപത്രിയിൽ നിന്ന് ഒരു ഫിസിഷ്യനെ സ്റ്റോപ്ഗ്യാപ് അറേഞ്ചമെന്റിൽ നിയമിച്ചിട്ടുണ്ട്. |

(ഇ) ജൂനിയർ കൺസൾട്ടന്റ് ഫിസിഷ്യൻ തസ്തിക പ്രസ്തുത ആശുപത്രിയിലേക്ക് അനുവദിച്ചിട്ടുണ്ടോ;

(ഇ) ഇല്ല.

(എഫ്) ഇല്ലായെങ്കിൽ ഒന്നിൽ കൂടുതലുള്ള ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രീഷ്യൻ തസ്തികകളിൽ ഒരെണ്ണം ജൂനിയർ കൺസൾട്ടന്റ് ഫിസിഷ്യനാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) ഇതിനായി സ്ഥലം എം.എൽ.എ-യും ആശുപത്രി അധികാരികളും നൽകിയ അപേക്ഷ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ പ്രസ്തുത അപേക്ഷയിൽ ഉടനെ നടപടി സ്വീകരിക്കാമോ?

(എഫ്), (ജി) & (എച്ച്) സ്ഥലം എം.എൽ.എ-യിൽ നിന്ന് അപേക്ഷ ലഭിച്ചതായി കാണുന്നില്ല. എന്നാൽ ആശുപത്രി അധികൃതർ നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണിക്കുകയും ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും അധിക വിവരങ്ങൾ ആരാഞ്ഞിരിക്കുകയുമാണ്.

സെക്ഷൻ ഓഫീസർ